Page 1 of 1

മി. സ്പീക്കർ: ലോകസഭയിൽ പ്രത്യേകം പ്രസ്സ് ഉണ്ട്. എന്നാൽ ഇൻഡ്യയിലെ മററു സ്റ്റേററുകളിൽ ഒന്നിലും പ്രസ്സുകൾ ഉള്ളതായി തോന്നുന്നില്ല. അവിടെ എങ്ങും പ്രത്യേകം ഒരു പ്രിൻറിംഗ് സെക്ഷനുമില്ല. കാലതാമസത്തെപ്പററിയാണെങ്കിൽ, മററു സംസ്ഥാനങ്ങളിൽ ഇതിനെക്കാൾ കൂടുതൽ കാലതാമസം ഉണ്ടാകുന്നുണ്ട്. അതുകൊണ്ടു അതൊന്നും താരതമ്യപ്പെടുത്തി നോക്കേണ്ട ആവശ്യമില്ല. തല്ക്കാലം നമുക്ക് ആവശ്യമായ കാര്യം മാത്രം നോക്കിയാൽ മതിയാകും.

## CALLING ATTENTION TO MATTERS OF URGENT PUBLIC IMPORTANCE UNDER RULE 66

**Mr. Speaker:** Order, Order. I am in receipt of Rule 66 notices from Messrs. Kolladi Govindankutty Menon, Ponnara Sreedhar and A. M. Kallianakrishnan Nair. Among these I am of opinion that the one given notice of by Shri Kolladi Govindankutty Menon is the most important.

### Failure of Crops in Ponnani

ശ്രീ. കെ. ഗോവിന്ദൻകുട്ടി മേനോൻ: സർ, പൊന്നാനി താലൂക്കിൽ പുഞ്ചകൃഷിക്കുണ്ടായ നാശനഷ്ടങ്ങളെ പരാമർശിച്ചു ചില കാര്യങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനാണ് ഞാൻ മോഷൻ കൊണ്ടുവരുന്നത്. കഴിഞ്ഞകൊല്ലം വെള്ളപ്പൊക്കം നിമിത്തം അവിടെ ഒരുമണി നെല്ലുപോലും കൃഷിക്കാർക്കു കിട്ടുവാൻ സാധിക്കാതെയാണുവന്നത്. കർഷകർ പലതരത്തിൽ അദ്ധ്വാനിച്ചും, പണച്ചെലവു ചെയ്തും കൃഷിചെയ്യുന്നതിന്റെ ഫലം മിക്കവാറും വെള്ളത്തിന്റെ ക്ഷാമംകൊണ്ടും, ചിലപ്പോൾ വെള്ളപ്പൊക്കംകൊണ്ടും നശിച്ചുപോകുന്നു. കൃഷിയെ ആശ്രയിച്ചുമാത്രം ജീവിക്കുന്ന അവിടത്തെ കൃഷിക്കാർ ഇങ്ങനെയാണ് അവരുടെ കൃഷിയുടെ ഫലമെങ്കിൽ എങ്ങനെ കഴിഞ്ഞുകൂടുമെന്നു ഞാൻ ചോദിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ പുഞ്ചകൃഷി നടത്തുവാനായി അവിടത്തെ കൃഷിക്കാർ വളരെയധികം ബുദ്ധിമുട്ടിയിട്ടുണ്ട്. ഇതു് ഒരു പ്രാദേശിക പ്രശ്നമാണെന്നു ഞാൻ വിചാരിക്കുന്നില്ല, കൃഷിപ്പിഴയോ വെള്ളത്തിനു ക്ഷാമമോ, വെള്ളപ്പൊക്കമോ ഒന്നും ഇല്ലാതെ ന്യായമായ കൃഷിചെയ്യുകയാണെങ്കിൽ അവിടെ നിന്നും ഒരാണ്ടിൽ ഏകദേശം രണ്ടു മൂന്നു ലക്ഷംപറ നെല്ല് കൊയ്തെടുക്കുവാൻ സാധിക്കുന്നതാണ്. എന്നാൽ ജലസേചന സൗകര്യം അവിടെയില്ല. ചില ഇഞ്ചിനീയർമാരെല്ലാം വന്നു ലിഫ്ററ് ഇറിഗേഷൻ നടപ്പിലാക്കുവാൻവേണ്ടി ഏതാനും ചില പദ്ധതികളെല്ലാം ഉണ്ടാക്കിയെങ്കിലും, അതിനുശേഷം യാതൊരു ശ്രമവും അവിടെ നടന്നിട്ടില്ല. പ്രാരംഭമായി ചിലതൊക്കെ അവിടെ നടത്തുകയുണ്ടായി. എന്നാൽ ശാസ്ത്രീയമായ രീതിയിൽ അതിലേയ്ക്കു ഒരു പദ്ധതി തയ്യാറാക്കി നടപ്പിൽ വരുത്തി കൂടുതൽ നെല്ല് വിളയിക്കുവാനുള്ള യാതൊരു ശ്രമവും ഇതുവരെ നടന്നിട്ടില്ല. ഇക്കൊല്ലവും അതിലേക്ക് പ്രത്യേകം ഒരു പദ്ധതി തയ്യാറാക്കിയിട്ടുള്ളതായി അറിയുന്നു. അതുകൊണ്ട് ഈ അവസരത്തിൽ എനിക്കു പറയുവാനുള്ളതു് ഗവൺമെൻറ് കഴിയുന്നതും വേഗത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ചു, ചുവപ്പുനാട സമ്പ്രദായം വളരെയൊന്നും ബാധിക്കാതെ, അതു നടപ്പിൽ വരുത്തുവാൻ വിപുലവും, ശാസ്ത്രീയവുമായ ഒരു

LIBRARY ARCHIVES Kerala Legislative Assembly